അനുബന്ധം

ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. സംസ്ഥാനത്തെ റെയിൽവേ വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്ക്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ

പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർ ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ 'കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ' എന്ന പേരിൽ ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി വിവിധ പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം, തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട

പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിൽ ഇല്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി അറിയിക്കുകയുണ്ടായി.

ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നു.

അനുബന്ധം

**ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊട്ടാരക്കര ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ നിലവിലുള്ള 20 തസ്തികകൾക്ക് പുറമെ 20 തസ്തികകൾ കൂടി സൃഷ്ടിക്കപ്പെടണമെന്ന ശിപാർശ, ഇതിനായി വരുന്ന അധിക സാമ്പത്തിക ബാധ്യതയും കണക്കാക്കി ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിരുന്നു.

നിലവിലുള്ള സാഹചര്യത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേനയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തിയിട്ടുള്ള സാഹചര്യത്തിൽ കൊട്ടാരക്കര അഗ്നിരക്ഷാ നിലയത്തിന് ആവശ്യമുള്ള അത്യാവശ്യ തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുവാനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ.യുടെ സബ്മിഷനുള്ള മ◌ുഖ്യമന്ത്രിയുടെ മറുപടി**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : എറണാകുളം, കോലഞ്ചേരി സിന്തൈറ്റ് ഇൻഡസ്ട്രീസിലെ ഏഴ് തൊഴിലാളികളെ സംസ്ഥാനത്തിനു പുറത്തേയ്ക്ക് സ്ഥലംമാറ്റിയതുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയനും മാനേജ്മെന്റ് പ്രതിനിധികളുമായി ലേബർ കമ്മീഷണർ നടത്തിയ ചർച്ചയിൽ സ്ഥലംമാറ്റം സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമായിരുന്നു. എന്നാൽ, ഇതിനു വിരുദ്ധമായി വീണ്ടും 18 തൊഴിലാളികളെ സ്ഥലംമാറ്റിയതിൽ പ്രതിഷേധിച്ച് 02.06.2018-ന് അർദ്ധരാത്രി മുതൽ സ്ഥാപനത്തിൽ പണിമുടക്ക് നടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചില അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ ആറ് ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 04.06.2018-ന് നടന്ന ചർച്ചയിലും സ്ഥലംമാറ്റം പിൻവലിക്കണമെന്ന തൊഴിലാളി യൂണിയന്റെ ആവശ്യം മാനേജ്മെന്റ് പ്രതിനിധികൾ അംഗീകരിച്ചില്ല. സ്ഥലത്ത് മൂവാറ്റുപുഴ ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ പോലീസ് സംഘം ക്യാമ്പ് ചെയ്ത്

ജോലിക്ക് എത്തുന്ന ജീവനക്കാർക്കും കമ്പനിക്കും സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ക്രമസമാധാന പ്രശ്നങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. സമരം ഒത്തുതീർപ്പാക്കുന്നതിന് ഇന്ന് (06.06.2018) ലേബർ കമ്മീഷണർ തിരുവനന്തപുരത്ത് ചർച്ച നടത്തുന്നുണ്ട്.

**ശ്രീ. കെ. വി. അബ്ദുൾ ഖാദർ എം.എൽ.എ.യുടെ സബ്മിഷനുള്ള പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികകവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടി**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരംം വിനിയോഗിച്ച് തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ വില്ലേജിൽ റീ.സ.നം.22/1-ൽപ്പെട്ട 20 സെന്റ് ഭൂമി ചലച്ചിത്ര സംവിധായകനായ രാമു കാര്യാട്ടിനു ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കുന്നതിനായി മാത്രം ഉപയോഗിക്കാമെന്ന വ്യവസ്ഥയോടെയും മറ്റ് പാട്ട വ്യവസ്ഥകളോടെയും സെന്റ് ഒന്നിന് 100 രൂപ വാർഷിക നിരക്കിൽ 30 വർഷത്തേയ്ക്ക് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് നൽകിക്കൊണ്ട് 02.02.2011 ലെ സ.ഉ.(എം.എസ്)56/2011/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിനുള്ള മറുപടി പ്രസംഗത്തിൽ രാമു കാര്യാട്ട് സ്മാരകം/സാംസ്കാരിക കേന്ദ്രം പണിയുന്നതിനായി 25 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. എന്നാൽ കഴിഞ്ഞ

സാമ്പത്തിക വർഷം പ്രസ്തുത സാംസ്കാരിക കേന്ദ്രം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ജില്ലാ ഭരണകൂടത്തിൽനിന്നും ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ സ്മാരകത്തിനായുള്ള സ്ഥലം സ്ഥിതി ചെയ്യുന്ന ഏങ്ങണ്ടിയൂർ പഞ്ചായത്ത്, കേരള ചലച്ചിത്ര അക്കാദമി എന്നിവയിൽനിന്ന് ആവശ്യമായ പ്രപ്പോസൽ ലഭ്യമാക്കുന്നതിന് നടപടി സാംസ്കാരിക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനും രാമുകാര്യാട്ടിന്റെ പേരിലുള്ള സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനുമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീ. വി. എസ്. ശിവകുമാർ എം.എൽ.എ.യുടെ സബ്മിഷനുള്ള ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടി**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :കെ.എസ്.ആർ. ടി.സി.യുടെ 20.09.2011-ൽ നടന്ന 361-ാമത് ഭരണ സമിതി തീരുമാന പ്രകാരം ഈഞ്ചയ്ക്കൽ ബസ് ടെർമിനലിന് വേണ്ടി M/s.കുമാർ ഗ്രൂപ്പ് അവതരിപ്പിച്ച 35 കോടി രൂപ മുതൽമുടക്കുള്ള പ്രോജക്ടിന് അനുമതി നൽകുകയും ആർക്കിടെക്ടുമായി ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമായി പരിഷ്കരിച്ച് സമർപ്പിച്ചുവെങ്കിലും Environmental Impact Assessment അനുമതി പത്രം ഇല്ലാത്തതിനാൽ ഭരണാനുമതി ലഭിക്കുകയുണ്ടായില്ല. എന്നാൽ ആർക്കിടെക്ട് എയർപോർട്ട് അതോറിറ്റിയിൽനിന്നും ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കിയിരുന്നു.

പ്രസ്തുത പ്രോജക്ടിനായി G.O.(Ms)No.89/2010/Trans. തീയതി 22.12.2010 സർക്കാർ ഉത്തരവ് പ്രകാരം KSUDP യിൽനിന്ന് 6.82 കോടി

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ G.O (MS)No.88/2012/Trans. തീയതി 14.12.2012 സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ പാക്കേജായി 4 കോടി രൂപകൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

അതേസമയം Environmental Impact Assessment clearance നേടുന്നതിന് പുനഃക്രമീകരണം നടത്തിയ പ്ലാനിൽ നേരത്തെ ഡിസൈൻ ചെയ്ത അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് അതേപടി നിലനിർത്തി ബസ് ടെർമിനൽ ബ്ലോക്കിൽ G+3 നിലകളോടുകൂടി 5981 ചതുരശ്ര മീറ്റർ കെട്ടിടം ഡിസൈൻ ചെയ്ത് ഭരണ സമിതി മുമ്പാകെ സമർപ്പിക്കുകയും 10.08.2015-ൽ ചേർന്ന 385-ാമത് ഭരണ സമിതി യോഗത്തിലെ അജണ്ട ഇനം 101/2015 പ്രകാരം ഈഞ്ചയ്ക്കൽ പ്രോജക്ടിന്റെ വിസ്തൃതി 5981 ചതുരശ്ര മീറ്ററായി ചുരുക്കിക്കൊണ്ട് (ഏകദേശം 20 കോടി ചെലവിൽ) ആദ്യഘട്ടത്തിൽ G+1 ഉം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഉൾപ്പെടുത്തി പ്ലാൻ ഫണ്ടും പലിശരഹിത നിക്ഷേപങ്ങളും ശേഖരിച്ചുകൊണ്ട് നിർമ്മിക്കുന്നതിനും ലാഭ സാധ്യതയുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടമായി മാത്രം G+2 ഉം G+3 യും നടപ്പാക്കുന്നതിനും അംഗീകാരം നൽകുകയുമുണ്ടായി.

നിലവിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ലഭ്യമാക്കിയ മലിനീകരണ നിയന്ത്രണ ബോർഡിന്റെ NOC യുടെ കാലാവധി 29.02.2016-ന് തീർന്നതിനാലും ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 03.02.2019 -ൽ പൂർത്തിയാകുന്നതിനാലും ടി NOC യും പെർമിറ്റും പുതുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇവ പുതുക്കി കിട്ടുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യത അനുസരിച്ച് ഈഞ്ചയ്ക്കലിൽ ബസ് ടെർമിനലിന്റെ പണി ആരംഭിക്കുന്നതാണ്.

**ശ്രീ. അനിൽ അക്കര, എം.എൽ.എ.യുടെ സബ്മിഷനുള്ള ഡോ.ടി.എം.തോമസ് ഐസക്കിന്റെ മറുപടി**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): എം.എൽ.എ. മാർക്ക് അനുവദിച്ചിട്ടുള്ള നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ സേവിംഗ്സായി വരുന്ന തുക പുതിയ പ്രവൃത്തികൾക്കായി നിർദ്ദേശിക്കുന്നതിനെ സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പുമുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറ്റിയെടുക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ചുമാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 04.07.2017 - ലെ സ.ഉ.(അ)നം.86/2017/ധന. യുടെ ഖണ്ഡിക 2.8 പ്രകാരം ഏതെങ്കിലും പ്രവൃത്തികളിൽ ഉണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് മറ്റു പ്രവൃത്തികൾക്കായി അനുവദിക്കുന്നതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ സേവിംഗ്സായി

വരുന്ന തുക പുതിയ പ്രവൃത്തികൾക്കായി നിർദ്ദേശിക്കാൻ അനുമതിയില്ല. എന്നിരുന്നാലും ആസ്തി വികസന ഫണ്ടിൽ അനുമതി നൽകിയിട്ടുള്ള പല പ്രവൃത്തികളും ടെണ്ടർ ചെയ്യുമ്പോൾ വളരെ കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതെന്നും തൻമൂലം ഒരു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള അഞ്ച് കോടി രൂപ പൂർണ്ണമായി പ്രയോജനപ്പെടുത്താനാകുന്നില്ല എന്നുമുള്ള ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന കൂടുതൽ/കുറവ് ആ വർഷത്തെ പരമാവധി 5 കോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് അടുത്ത വർഷം ഭരണാനുമതി നൽകുന്ന ആകെ തുകയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതനുസരിച്ച് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് ധനകാര്യ വകുപ്പ് പരിഗണിച്ചുവരികയാണ്.

പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് ലറ്റർ ഓഫ് ക്രെഡിറ്റ് (LC) സംവിധാനം മുഖേനയാണ്.

പ്രസ്തുത സംവിധാനത്തിൽ ബില്ലുകളുടെ സീനിയോരിറ്റി അനുസരിച്ചാണ് അവ മാറി നൽകുന്നത്. ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ ബില്ലുകൾക്ക് പ്രത്യേക പരിഗണനയില്ല. എന്നാൽ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിൽ ഉൾപ്പെടുത്താതെ ധനകാര്യ (നോഡൽ സെന്റർ) വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരിട്ട് മാറി നൽകുന്നുണ്ട്. ആയതിന് കാലതാമസം ഉണ്ടാകാറില്ല.

**ശ്രീ.സി. ദിവാകരൻ എം.എൽ.എ.യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടി**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കുന്നതിനും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും ആവശ്യമായ തസ്തിക ഒരുക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഓരോ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും ആർദ്രം പദ്ധതി നടപ്പിലാക്കപ്പെടുമ്പോൾ പരിഗണിക്കപ്പെടുന്നുണ്ട്. അങ്ങനെ ആർദ്രം പദ്ധതി അതിന്റെ

പൂർണ്ണതയിലെത്തുമ്പോൾ തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കുറവുകൾ പരിഹരിച്ച് കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്.

**ശ്രീ. കെ.ദാസൻ എം.എൽ.എ.യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടി**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : കോഴിക്കോട് ജില്ലയിലെ പാവപ്പെട്ട ജനങ്ങൾ ഏറെ ആശ്രയിക്കുന്ന സ്ഥാപനമാണ് കൊയിലാണ്ടി താലൂക്കാശുപത്രി. ഇവിടെ പുതുതായി പണിയുന്ന ആറ് നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഇവ കൂടാതെ മെഡിസിൻ, ഓഫ്ത്താൽമോളജി, ഓർത്തോപീഡിയാട്രിക്, ത്വക്ക് രോഗം, സർജറി, ഗൈനക്കോളജി, ഡന്റൽ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും എക്സ്റേ, ഇ.സി.ജി., ലാബ്, കാരുണ്യ ഫാർമസി, ഫിസിയോതെറാപ്പി എന്നിവയും ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിയെ ആശ്രയിക്കുന്ന മുഴുവൻ ജനങ്ങളുടെയും ചികിത്സയ്ക്കാവശ്യമായ രീതിയിലുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടം ഒഴികെയുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി പുതിയൊരു കെട്ടിടം പണിയുന്നതിലേയ്ക്കായി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. ഇതിൽ ലേബർ റൂം അനുബന്ധ സൗകര്യങ്ങൾ എന്നിവ കൂടി

ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കൊയിലാണ്ടി താലൂക്കാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി 7 തസ്തികകൾ ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റും അനുവദിച്ചിട്ടുണ്ട്.

**ശ്രീ. കെ.കുഞ്ഞിരാമൻ എം.എൽ.എ.യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടി**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.കളുടെ പദവി ഉയർത്തി താലൂക്ക് ആശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാനസൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത്

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ രോഗി സൗഹൃദം ആക്കുന്നതിനും പ്രദേശത്ത് ആകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആശങ്കകൾക്ക് പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീ. പി. വി. അൻവർ എം.എൽ.എ.യുടെ സബ്മിഷനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി**

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : നിലമ്പൂരിലെ ഗതാഗത കുരുക്കിന് പരിഹാരമായി 6 കി. മീ. ദൈർഘ്യമുള്ള നിലമ്പൂർ ബൈപ്പാസിന് (0/000 മുതൽ 6/000 വരെ ) 1-ാം ഘട്ടത്തിൽ 4/387 കി.മീറ്ററും (0/000 മുതൽ 4/387 വരെ ) 2-ാം ഘട്ടത്തിൽ 1/163 കി.മീറ്ററും (4/387 മുതൽ 6/000 വരെ) നീളവുമാണുള്ളത്. 10.09.2013-ലെ സ.ഉ.(സാധാ) നം. 1216/2013/പൊ.മ.വ പ്രകാരം 35 കോടി രൂപയ്ക്ക് ഭരണാനുമതി ഒന്നാംഘട്ടത്തിന് ലഭിക്കുകയും (14 കോടി സ്ഥലം ഏറ്റെടുക്കുന്നതിനും 21 കോടി റോഡ് നിർമ്മാണത്തിനും) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തി ഏൽപ്പിക്കുകയും 24.12.2014-ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. അനുവദിച്ച തുക ഉപയോഗിച്ച് ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 0/000 മുതൽ 0/960 വരെ 960 മീറ്റർ ഭൂമി ഏറ്റെടുത്ത് റോഡ് പ്രവൃത്തി നടന്നുവരികയുമാണ്.

2016-17 ബഡ്ജറ്റിൽ 105.00 കോടി രൂപയുടെ സ്ഥലമെടുപ്പ് പ്രൊപ്പോസൽ നൽകിയെങ്കിലും 2017-18 സാമ്പത്തിക വർഷം ആവശ്യമായ

ബഡ്ജറ്റ് പ്രൊവിഷനോടുകൂടി വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതിനെത്തുടർന്ന് കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി പ്രസ്തുത ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിനായി 10.07.2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ പ്രകാരം (ക്രമ നം.7) 105.00 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും ചെയ്തു. അതനുസരിച്ച് എൽ.എ പ്രൊപ്പോസൽ നൽകിയെങ്കിലും സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. നിർമ്മാണം തുടങ്ങിയ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമായി കിഫ്ബി ഫണ്ട് അനുവദിക്കാനാവില്ല എന്ന കാരണത്താൽ സാമ്പത്തികാനുമതി നിരാകരിച്ചതായി അറിവില്ല.

ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 0/960 മുതൽ 4/387 വരെയുള്ള സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനും സ്ട്രക്ചറൽ വാല്യുവേഷനും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ 55,35,37,301/- രൂപയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി 105 കോടി രൂപ കിഫ്ബിയിൽ

വകയിരുത്തിയതിനാലും പ്രസ്തുത പ്രവൃത്തിക്ക് കേരള റോഡ് ഫണ്ട് ബോർഡിനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി തത്വത്തിൽ അംഗീകരിച്ചതിനാലും കിഫ്ബി മുഖാന്തിരം തുക ലഭ്യമാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകി.

2018-19 ബഡ്ജറ്റിൽ നിലമ്പൂർ ബൈപ്പാസിനുവേണ്ടി 50 കോടി രൂപ വകയിരുത്തുകയും 20% തുകയായ 10 കോടി രൂപ ഈ വർഷത്തേയ്ക്ക് നീക്കിവയ്ക്കുകയും ചെയ്തതിനനുസൃതമായി സ്ഥലം ഏറ്റെടുക്കലിനായി സർക്കാരിലേയ്ക്ക് 55,36,94,641/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കി വെച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.